ഏപ്രിൽ 18, 2014

# പ്രധാനമന്ത്രിയുടെ പ്രസംഗങ്ങൾ?

അരുൺ ജെയ്റ്റ്ലി,
(പ്രതിപക്ഷ നേതാവ്, രാജ്യസഭ)

രണ്ടു വിവാദ പുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിന്റെ പ്രതികരണമായി പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും വിശദീകരണമുണ്ടായി: കഴിഞ്ഞ പത്തുവർഷമായി പ്രധാനമന്ത്രി 1200 പ്രസംഗങ്ങൾ നടത്തിയിട്ടുണ്ടെന്നതായിരുന്നു അത്. ഡോ. മൻമോഹൻസിംഗ് 'പ്രസംഗിക്കാത്ത പ്രധാനമന്ത്രി അല്ല എന്ന പേരു മാറ്റിയെടുക്കാൻ കഴിയുമെന്നായിരുന്നു ഇതുവഴി പ്രധാനമന്ത്രിയുടെ ഓഫീസിന്റെ വിശ്വാസം.

പ്രധാനമന്ത്രി രാജ്യത്തിന്റെ രാഷ്ട്രീയ ഭരണാധികാരിയാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ സൽപ്പേര് അദ്ദേഹത്തിൽ നിക്ഷിപ്തവുമാണ്. അദ്ദേഹത്തിന്റെ അഭിപ്രായമാണ് നയരൂപീകരണത്തിന് വഴിയൊരുക്കുന്നത്. അദ്ദേഹമാണ് നേതൃസ്ഥാനത്തിരിക്കേണ്ടതും. പ്രശ്നങ്ങൾ പരിഹരിക്കാൻ ജനങ്ങൾ ഉറ്റുനോക്കുന്നത് അദ്ദേഹത്തെയാണ്. അങ്ങനെയുള്ള ഒരു പ്രധാനമന്ത്രി ഒരിക്കലും താഴ്ന്ന നിലവാരത്തിൽ പെരുമാറാൻ പാടില്ല. ജനങ്ങളുടെ വിശ്വാസത്തിനനുസരിച്ച് അദ്ദേഹം ഉയരണം. മുന്നിൽ വരുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള ആത്മവിശ്വാസം അദ്ദേഹത്തിനുണ്ടായിരിക്കണം. ഭരണമുന്നണിയുടെ ഏറ്റവും ഉയർന്ന സ്ഥാനവും ധാർമ്മികവും രാഷ്ട്രീയവുമായ മേധാവിത്വവും അദ്ദേഹത്തിനായിരിക്കണം.

തുറന്നുപറയുന്ന സ്വഭാവക്കാരനായിരിക്കണം പ്രധാനമന്ത്രി. കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കുന്ന നേതാവുമായിരിക്കണം; അല്ലാതെ വെറും വായനക്കാരനാകരുത്. പ്രസിഡന്റ് ബറാക്ക് ഒബാമ ഇന്ത്യാ സന്ദർശനവേളയിൽ പാർലമെന്റിലെ സെൻട്രൽ ഹാളിൽ നടത്തിയ പ്രസംഗം ഉൾപ്പെടെ ധാരാളം പ്രസംഗങ്ങൾ ഇന്ത്യയിൽ നടത്തുകയുണ്ടായി. ഇന്ത്യൻ പ്രസിഡന്റ്, ബഹുമാനാർത്ഥം ഒബാമയ്ക്ക് നൽകിയ വിരുന്നുസൽക്കാരത്തിൽ വച്ച് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ തയ്യാറാക്കുന്ന വ്യക്തികളുമായി പരിചയപ്പെടാനിടയായി. ഒബാമയുടെ ഓരോ പ്രസംഗവും തയ്യാറാക്കുന്നത് വിദഗ്ദ്ധരായ വ്യക്തികളാണ്. പിന്നീട് ഈ പ്രസംഗങ്ങളെ സൂക്ഷ്മ പരിശോധന നടത്താൻ വിദഗ്ദ്ധരായ ഉദ്യോഗസ്ഥരുടെ ഒരു സംഘം വേറെയുമുണ്ട്. ഇതെല്ലാം കഴിഞ്ഞശേഷമാണ് പ്രസംഗം പ്രസിഡന്റിന്റെ കൈയിലെത്തുന്നത്. മിക്കവാറും പ്രസംഗങ്ങൾ ടെലിപ്രോംപ്റ്റർ വഴിയാണ് അവതരിപ്പിക്കുന്നത്. ടെലിപ്രോംപ്റ്ററിൽ സുതാര്യമായ ഒരു സ്ക്രീനുണ്ട്. പ്രസിഡന്റിന്റെ മുന്നിലുള്ള രണ്ടു ടെലിപ്രോംപ്റ്റർ വഴിയാണ് അദ്ദേഹം പ്രസംഗം അവതരിപ്പിക്കുന്നത്. എന്നാൽ, കേൾവിക്കാർക്ക് ഇത് മുൻകൂട്ടി തയ്യാറാക്കിയതാണെന്നു തോന്നുകയേയില്ല. പാർലമെന്റിലെ സെൻട്രൽ ഹാളിലും അദ്ദേഹം പ്രസംഗിച്ചത് ഈ രീതിയിലായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗവും സംസാരരീതിയും വളരെ പ്രഭാവം സൃഷ്ടിക്കുന്നതായിരുന്നു.

എന്നാൽ, ഇന്ത്യൻ പ്രധാനമന്ത്രിയുടെ പ്രസംഗം ജനങ്ങൾ ശ്രദ്ധിക്കാറേയില്ല. മാത്രമല്ല, ജനങ്ങൾ അവയെക്കുറിച്ച് ഓർമ്മിക്കാറോ ചർച്ച ചെയ്യാറോ ഇല്ല. പ്രധാനമന്ത്രിയുടെ ഓഫീസ് പറഞ്ഞത് ശരിയാണ്. പ്രധാനമന്ത്രി ആധികാരികമായി പ്രസംഗിക്കുന്നുണ്ട്. പക്ഷേ, യഥാർത്ഥത്തിൽ ആരും ശ്രദ്ധിക്കുന്നില്ലെന്നു മാത്രം. പ്രധാനമന്ത്രിയുടെ പ്രവർത്തനം മന്ദഗതിയിലായതിനാൽ ആരും അത് ശ്രദ്ധിക്കുന്നില്ല എന്നതാണ് സത്യം.

ശ്രീ. വാദ്രയും വാൾസ്ട്രീറ്റ് ജേർണലും

വാൾസ്ട്രീറ്റ് ജേർണലിൽ സ്ഥാനംപിടിച്ച ശ്രീ. റോബർട്ട് വാദ്രയ്ക്ക് അഭിനന്ദനങ്ങൾ. അദ്ദേഹത്തിന്റെ ബിസിനസ്സിനെക്കുറിച്ച് ബിസിനസ്സ് വിശകലന വിദഗ്ദ്ധൻ ഒരു ഗവേഷണ പേപ്പർ തന്നെ തയ്യാറാക്കിക്കഴിഞ്ഞു.

നിക്ഷേപം കൂടാതെ ബിസിനസ് ആരംഭിക്കുന്നതിലൂടെ രാഷ്ട്രീയസ്വാധീനം വഴി വായ്പയ്ക്ക് സമാനമായ തുക ലഭ്യമാകും. ഇതിലൂടെ രാജ്യത്ത് പല ഭാഗങ്ങളിലായി കുറഞ്ഞ കമ്പോള വിലയ്ക്ക് ഭൂസ്വത്ത് വാങ്ങിക്കൂട്ടുകയും ചെയ്യാം. സംസ്ഥാനങ്ങളുടെയും

ഭൂപണയബാങ്കുകളുടെയും സഹായത്താൽ ജനങ്ങളിൽ നിന്ന് വൻതോതിൽ ഭൂമി വാങ്ങിക്കൂട്ടാനും ഇതിലൂടെ കഴിയും. ഈ ഭൂമിയിൽനിന്ന് കുറച്ചു വിൽക്കുന്നതിലൂടെ വായ്പ തിരിച്ചടയ്ക്കാനും ബാക്കിവരുന്ന ഭൂമി ബാദ്ധ്യതകളൊന്നുമില്ലാതെ സ്വന്തമാക്കുകയും ചെയ്യാം. ഇതുവരെ ഈ ബിസിനസ് രീതിയിൽ പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ ഭാവിയിൽ ഇത് പല ഗുരുതരപ്രശ്നങ്ങൾക്കും വഴിയൊരുക്കാം.

ബിഷൻ ബേഡി അമൃത്സറിൽ

എന്റെ സുഹൃത്ത് ബിഷൻ ബേഡി ഇന്നലെ അമൃത്സറിലുണ്ടായിരുന്നു. എന്നാൽ അദ്ദേഹം ഒരു വ്യത്യസ്ത കാര്യത്തിനുവേണ്ടിയാണ് ഇന്നലെ അമൃത്സറിലെത്തിയത്. ഇന്ത്യയുടെ ചരിത്രത്തിലെ സത്യസന്ധതയില്ലാത്ത ഗവൺമെന്റിന് നേതൃത്വം നൽകിയ ഒരു രാഷ്ട്രീയപാർട്ടിയുടെ തിരഞ്ഞെടുപ്പു പ്രചാരണത്തിനുവേണ്ടിയാണ് അദ്ദേഹം അവിടെ എത്തിയത്. അഴിമതി നിരോധന നിയമമനുസരിച്ച് കുറ്റാരോപിതനായ സ്ഥാനാർത്ഥിയുടെ പ്രചാരണത്തിനെത്തിയ അദ്ദേഹം നീതികെട്ട പ്രവൃത്തിക്കുവേണ്ടിയാണ് പോരാടുന്നത്. ഇതിലൂടെ ഒരു പോരാളിയായിത്തന്നെ ബിഷനെ എപ്പോഴും ജനങ്ങൾ അറിയും